(സി) ട്രഷറി നിയന്ത്രണങ്ങൾമൂലം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ വെട്ടിച്ചുരുക്കൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇത്തരത്തിലുള്ള ഏതെങ്കിലും ചർച്ചകളോ ശുപാർശകളോ നടത്തുകയുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2000-2001 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 1,045 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ രണ്ടു ഗഡുക്കൾ അർഹതപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(ബി) നടപ്പുവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 1045 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ രണ്ടു ഗഡുക്കൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇനി മൂന്നും നാലും ഗഡുക്കൾ അനുവദിക്കാൻ അവശേഷിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസക്തമല്ല.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 25 ശതമാനം കുറവു ചെയ്യുന്ന ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(എഫ്) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ജനകീയാസൂത്രണ പദ്ധതിയിലൂടെയുള്ള ക്ഷേമപ്രവർത്തനങ്ങൾ

105 (503) ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ മുഖാന്തിരം 1997-98, 1998-99,1999-2000, 2000-2001 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപ വീതം ചെലവഴിച്ചിട്ടുണ്ട് എന്നതിനെക്കുറിച്ച് വിശദവിവരം നൽകുമോ ;

(ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്താകെ എത്ര വീടുകൾ, പാലങ്ങൾ, എത്ര കിലോമീറ്റർ റോഡുകൾ, കിണറുകൾ, കക്കൂസുകൾ എന്നിവ നിർമ്മിച്ചു ; എത്ര കുടിവെള്ള പദ്ധതികൾ നടപ്പാക്കി ; എത്ര ആടുകൾ, കോഴികൾ, തുടങ്ങിയവ വിതരണം ചെയ്തു ; മറ്റു വിവിധ പദ്ധതികൾ എത്രവീതം നടത്തി ; വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലയളവിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുഖാന്തിരം എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളേയും നഗരസഭകളേയും സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.† ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്നു വാർഷിക പദ്ധതികളിൽ (1997-2000) സംസ്ഥാനത്തൊട്ടാകെ 3,06,288 വീടുകളും, 1725 പാലങ്ങളും, 17188 കിലോമീറ്റർ റോഡുകളും, 87591 കിണറുകളും 413174 കക്കൂസുകളും നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് 32503 ടാപ്പുകളും സ്ഥാപിച്ചു. ആട് ഉൾപ്പെടെ വിതരണം ചെയ്ത വളർത്തുമൃഗങ്ങളുടെ എണ്ണം 274572 ആണ്. 1867517 കോഴികളേയും വിതരണം ചെയ്തു.

(സി) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും നിലവിൽ വന്നത് 1995 ഒക്ടോബർ 2-ാം തീയതിയാണ്. 1996-97 സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് വകയിരുത്തിയിരുന്ന ഉപാധിരഹിത ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	100 കോടി രൂപ
ബ്ലോക്ക് പഞ്ചായത്ത്	15 കോടി രൂപ
ജില്ലാപഞ്ചായത്ത്	28 കോടി രൂപ

മേൽ സൂചിപ്പിച്ച തുക ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളുടെ ചെലവായി കണക്കാക്കാവുന്നതാണ്.

ജനകീയാസൂത്രണ പദ്ധതി

106 (504) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന റാന്നി-അങ്ങാടി-പഴവങ്ങാടി, റാന്നി-പെരിനാട്, വെച്ചൂച്ചിറ-നാറാണംമൂഴി, വടശ്ശേരിക്കര-ചിറ്റാർ, സീതത്തോട് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പദ്ധതികൾ 1996-97 സാമ്പത്തിക വർഷം മുതൽ 2000-2001 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും ഓരോ ഗ്രാമ പഞ്ചായത്തിനും പദ്ധതിയിനത്തിൽ നൽകിയ തുക എത്ര വീതമാണെന്ന് വിശദീകരിക്കുമോ ;

(ബി) ഓരോ പഞ്ചായത്തിനും ഗ്രാന്റുകളടക്കം മറ്റെല്ലാവകയിലുംകൂടി ഇക്കാലയളവിൽ എത്ര രൂപ വീതമാണ് ഓരോ വർഷവും നൽകിയത് ;

---

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

2. മുനിസിപ്പൽ ഭാരവാഹികളുടെ ഓണറേറിയവും ബത്തകളും

തദ്ദേശ ഭരണ സ്ഥാപനം	ഓണറേറിയം (രൂപ)			
	മേയർ/ചെയർ പേഴ്സൺ	ഡെപ്യൂട്ടി മേയർ/ ഡെപ്യൂട്ടി ചെയർ പേഴ്സൺ	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	കൗൺസിലർ
കോർപ്പറേഷൻ	4500	3500	2000	1500
മുനിസിപ്പാലിറ്റി	4000	3000	1750	1250

മുനിസിപ്പൽ ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർപേഴ്സണും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും 40 രൂപ വീതവും (മാസപരിധി 200 രൂപയ്ക്ക് വിധേയമായി). കൗൺസിലർമാർക്ക് 32 രൂപവീതവും (മാസപരിധി 160 രൂപയ്ക്ക് വിധേയമായി) ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർ പേഴ്സണും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും ഔദ്യോഗിക യാത്രയ്ക്ക് ഒന്നാം ക്ലാസ്സ് യാത്രാപ്പടിയും കൗൺസിലർമാർക്ക് രണ്ട് (എ) ക്ലാസ് പ്രകാരമുള്ള യാത്രാപ്പടിയും ലഭിക്കുന്നതാണ്.

അനുബന്ധം- VIII

105 (503)-ാം നമ്പർ ചോദ്യം കാണുക

വർഷം	ഗ്രാമ പഞ്ചായത്തുകൾ	ബ്ലോക്ക് പഞ്ചായത്തുകൾ	ജില്ലാ പഞ്ചായത്തുകൾ	നഗരസഭ
1. 1997-98	40477.94 ലക്ഷം	16229.28 ലക്ഷം	-	9587.50 ലക്ഷം
2. 1998-99	34080.20 ലക്ഷം	8201502.32 രൂപ	-	12277.00 ലക്ഷം
3. 1999-2000	56661.879 ലക്ഷം	1248036768.00 രൂപ	-	12235.91 ലക്ഷം
4. 2000-2001	14133.368 ലക്ഷം (30-11-2000 വരെ)	670264472.00 രൂപ (31-1-2001 വരെ)	-	6456.51 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly